# സന്താന പരിപാലനം

## അല്ലാഹു സിംഹാസനത്തിന് മുകളിൽ

**ഗ്രന്ഥകർത്താവ്:** മുഹമ്മദ്ബ്നു ജമീൽ സൈനു
**ഗ്രന്ഥം:** كيف نربي أولادنا وما هو واجب الآباء والأبناء
**വിവർത്തനം:** സയ്യിദ് സഅ്ഫർ സ്വാദിഖ്

വിശുദ്ധഖുർആനും, സ്വഹീഹായ ഹദീസുകളും, സുരക്ഷിതമായ ബുദ്ധിയും, ശുദ്ധപ്രകൃതിയും വ്യക്തമാക്കുന്നത് അല്ലാഹു സിംഹാസനത്തിന് മുകളിലാകുന്നുവെന്നാണ്.

1- അല്ലാഹു പറയുന്നു:

(الرحمن علَى الْعرشِ استوى) (طه:5)

"പരമ കാരുണികൻ സിംഹാസനസ്ഥനാകുന്നു" (ത്വാഹാ:5)

2- പ്രവാചകൻ(ﷺ) തൻെറ ഹജ്ജത്തുൽ വിദാഇൽ അറഫയിൽ വച്ച് പ്രസംഗിക്കുകയുണ്ടായി:

فَقَالَ بِإِصبعه السبابة يرفَعها إِلَى السماءِ وينكُتها إِلَى الناسِ اللهم اشهد اللهم اشهد ثَلَاثَ مرات ) (مسلم)

"ആകാശത്തേക്ക് തൻെറ ചൂണ്ട്വിരൽ ഉയർത്തിപ്പിടിച്ച് ജനങ്ങളിലേക്ക് തിരിഞ്ഞ് കൊണ്ട് പറയുകയുണ്ടായി: "അല്ലാഹുവെ നീ സാക്ഷി, അല്ലാഹുവെ നീ സാക്ഷി എന്ന് മൂന്ന് പ്രാവശ്യം ആവർത്തിച്ചു" (മുസ്‌ലിം)

3- നമസ്കരിക്കുന്നവൻ തൻെറ സുജൂദിൽ പറയുന്നു: (سبحان ربي الأعلى) "ഉന്നതനായ എൻെറ റബ്ബ് എത്ര പരിശുദ്ധൻ!". അതുപോലെ പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർത്തുന്നതും ആകാശത്തേക്കാകുന്നു.

4- പിഞ്ചു പൈതങ്ങളോട് അല്ലാഹു എവിടെയെന്ന് ചോദിച്ചാൽ അവർ അവരുടെ ശുദ്ധ പ്രകൃതിയോടെ പറയുന്നത് അവൻ ആകാശത്താകുന്നുവെന്നാണ്.

5- അല്ലാഹു പറയുന്നു:

(وهو الله في السموات) (سورة الأنعام: 3)

“അല്ലാഹു ആകാശത്തിലാകുന്നു” (അൻആം:3)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നു കഥീർ(റ) പറയുന്നു: ‘വഴി പിഴച്ച ജഹ്മിയാക്കൾ പറയുന്നത് പോലെ അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെന്ന് നാം പറയില്ല. അവർ പറയുന്നതിൽ നിന്നും അല്ലാഹു ഉന്നതനാകുന്നു!!”.

അല്ലാഹു ഭൂമിയിലും ആകാശത്തിലുമാണെന്ന് പറഞ്ഞാൽ അതിൻെറ ഉദ്ദേശം അല്ലാഹു നമ്മെ കാണുന്നു, അറിയുന്നു, കേൾക്കുന്നു, അവൻ സിംഹാസനാരോഹിതനാണെന്നാണ്.

## വിസ്മയിപ്പിക്കുന്ന ഉപകാരമുള്ള കഥ

عن معاويةَ ابنِ الْحكمِ السلَمي قَالَ:( وكَانت لي جارِيةٌ ترعى غَنما لي قبلَ أُحد والْجوانية فَاطَّلعت ذَات يومٍ فَإِذَا الذئب قَد ذَهب بِشاة من غَنمها وأَنا رجلٌ من بنِي آدم آسف كَما يأْسفُونَ لَكني صككْتها صكةً فَأَتيت رســولَ الله صلى الله علَيه وسلم فَعظم ذَلك علَي قُلْت يا رسولَ الله أَفَلا أُعتقُها قَالَ ائْتنِي بِها فَأَتيته بِها فَقَالَ لَهــا أَيــن الله؟ قَالَت: في السماءِ، قَالَ: من أَنا؟ قَالَت: أَنت رسولُ الله ، قَالَ: أَعتقْها فَإِنها مؤمنةٌ ) (مسلم)

“മുആവിയ്യബ്നു ഹകമുസ്സുലമി(ﷺ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിക്കുകയുണ്ടായി. മനുഷ്യസഹജമായി എനിക്ക് സങ്കടം വന്നു, മാത്രമല്ല ഞാൻ അവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചകൻ(ﷺ)ൻെറ യടുത്ത് പോയി കാര്യം പറഞ്ഞു. അല്ലയോ തിരുദൂതരെ, ഞാനവളെ മോചിപ്പിക്കട്ടേയോ. അപ്പോൾ തിരുമേനി പറഞ്ഞു: “നീ അവളെയും കൊണ്ട് വരൂ” അങ്ങിനെ ഞാൻ അവളെയും കൊണ്ട് വന്നു. അപ്പോൾ പ്രവാചക തിരുമേനി(ﷺ) അവളോട് ചോദിച്ചു: “അല്ലാഹു എവിടെയാണ്?” അവൾ പ്രതിവചിച്ചു: “ആകാശത്തിൽ” ഞാൻ ആരെണെന്ന് പ്രവാചകൻ(ﷺ) വീണ്ടും ചോദിച്ചു? അവൾ പറഞ്ഞു: “താങ്കൾ അല്ലാഹുവിൻെറ പ്രവാചകനാണ്” അപ്പോൾ നബി(ﷺ) എന്നോട് പറയുകയുണ്ടായി: “നീ അവളെ മോചിപ്പിക്കുക, അവൾ സത്യവിശ്വാസിനിയാണ്”. (മുസ്ലിം)

## കഥയിൽ നിന്നുള്ള ഗുണപാഠങ്ങൾ

1- തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അത് എത്ര ചെറുതായിരുന്നാലും അതിൽ അല്ലാഹുവിൻെറ വിധിയെന്താണെന്ന് അറിയുവാൻ സ്വഹാബികൾ പ്രവാചകൻ(ﷺ)യുടെ അടുത്ത് വന്നിരുന്നു.

2- മതത്തിൽ വല്ല സംശയവും വന്നാൽ അതിന് പരിഹാരം തേടുവാനായി വിശുദ്ധ ഖുർആനെയും പ്രവാചക ചര്യയേയും സമീപിക്കുക. അല്ലാഹു പറയുന്നു:

(فَلاَ وربك لاَ يؤمنونَ حتى يحكموك فيما شجر بينهم ثُم لاَ يجِدوا في أَنفُسِهم حرجا مما قَضـيت ويسـلموا تسليما) (النساء:65)

ഇല്ല, നിൻെറ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല" (നിസാഅ്:65)

3- അടിമകളെ അടിക്കുവാൻ പാടില്ല, അത് വലിയ പാപമാണെന്ന് പ്രവാചകൻ(ﷺ) തൻെറ സ്വഹാബിയെ പഠിപ്പിക്കുന്നു.

4- അടിമയെ മോചിപ്പിക്കുമ്പോൾ മുഅ്മിനായ അടിമയെ മോചിപ്പിക്കുക, അവിശ്വാസിയെ മോചിപ്പിക്കരുത്. ഇവിടെ അടിമ സ്ത്രീയെ വിശ്വാസിയാണെന്നറിഞ്ഞപ്പോഴാണ് പ്രവാചകൻ(ﷺ) മോചിപ്പിക്കാൻ പറഞ്ഞത്. അവൾ അവിശ്വസിനിയായിരുന്നെങ്കിൽ അവളെ മോചിപ്പിക്കാൻ തിരുമേനി കൽപിക്കുമായിരുന്നില്ല.

5- തൗഹീദിനെ സംബന്ധിച്ച് ചോദിക്കൽ നിർബ്ബന്ധമാണ്, അതിൽ പെട്ടത് തന്നെയാണ് അല്ലാഹു സിംഹാസനാരോഹിതനാണെന്നത്. ഇത് മനസിലാക്കൽ അനിവാര്യമാകുന്നു.

6- അല്ലാഹു എവിടെയാണുള്ളതെന്ന ചോദ്യം മതത്തിൽ പെട്ടതാണ്. അത് നബി ചര്യയിൽ പെട്ടതാണ്. കാരണം പ്രവാചകൻ(ﷺ) ഇവിടെ അടിമ സ്ത്രീയോട് അങ്ങിനെ ചോദിച്ചിരിക്കുന്നു.

7- അല്ലാഹു ആകാശത്താണ് (ഉപരിലോകത്ത്) എന്ന് പറയൽ ഇസ്‌ലാമിക ശരീഅത്തിൽ പെട്ടതാകുന്നു. കാരണം ഇവിടെ അടിമസ്ത്രീ അല്ലാഹു ആകാശത്താണെന്ന് പറഞ്ഞപ്പോൾ തിരുമേനി അംഗീകരിച്ചിട്ടുണ്ട്. ഇത് തന്നെയാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതും. അല്ലാഹു പറയുന്നു:

(أَأَمنتم من في السماءِ أَنْ يخسِف بِكُم الأَرض)

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായോ?" (മുൽക്:17)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇബ്നു അബ്ബാസ്(رضي الله عنه) പറയുന്നു: "ഇവിടെ ആകാശത്തുള്ളവൻ എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു ആകുന്നു" (തഫ്സീർ ഇബ്നുൽ ജൗസി)

8- വിശ്വാസം ശരിയാണെന്നതിനുള്ള തെളിവാണ് അല്ലാഹു ഉപരിലോകത്താണെന്ന് വിശ്വസിക്കൽ. അല്ലാഹു ഉപരിലോകത്താണെന്ന് വിശ്വസിക്കൽ ഓരോ സത്യവിശ്വാസിയുടെയും ബാധ്യതയാകുന്നു.

**9- മുഹമ്മദ്(ﷺ)യുടെ രിസാലത്തിൽ വിശ്വസിച്ചാൽ മാത്രമാണ് വിശ്വാസം ശരിയാവുന്നത്.**

**10- അല്ലാഹു അവൻെറ ഉൺമയോടെ എല്ലാ സ്ഥലത്തുമുണ്ടെന്ന വിശ്വാസം ഇവിടെ തിരുത്തുകയാണ്, യഥാർത്ഥത്തിൽ അല്ലാഹു അവൻെറ ഉൺമയോടെയല്ല, മറിച്ച് അവൻെറ അറിവ്കൊണ്ടാണ് നമ്മോടൊപ്പമുള്ളതെന്നതാണ് ശരിയായ വിശ്വസം.**

**11- അടിമ സ്ത്രീയെ പരീക്ഷിക്കാനായി പ്രവാചകൻ(ﷺ) ആവശ്യപ്പെട്ടുള്ളതിൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നത് പ്രവാചകന് മറഞ്ഞ കാര്യം അറിയില്ല എന്നതാണ്. റസൂലുല്ലാക്ക് അദൃശ്യം അറിയുമെന്ന് വാദിക്കുന്നവർക്കുള്ള മറുപടിയാണ് ഇതിലൂടെ പ്രവാചകൻ(ﷺ) പ്രകടിപ്പിക്കുന്നത്. ഇത്കൊണ്ടാണ് അല്ലാഹു പ്രവാചകനോട് ജനങ്ങളോടായി പറയുവാനായി കൽപിക്കുന്നത്:**

(قُلْ لاَ أَملك لنفْسِي نفْعا ولاَ ضرا إلا ما شاءَ الله ولَو كُنت أَعلَم الْغيب لاَستكْثَرت من الْخير وما مسنِي السـوءُ إِنْ أَنا إلا نذير وبشير لقَومٍ يؤمنونَ) (الأعراف: 188 )

**"(നബിയെ), പറയുക: എൻെറ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എൻെറ അധീനത്തിൽപെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യ കാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (അഅ്റാഫ്:18)**